# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 07.06.2018-ൽ |
| ചോദ്യം നമ്പർ - 1236 | മറുപടിയ്ക്ക് |

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി പാത വികസനം

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാനപാത വികസനവുമായി ബന്ധപ്പെട്ട് 2017-18ൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ പുതിയ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; | (എ) ഇല്ല. 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക അപര്യാപ്തമായതിനാൽ തൃശ്ശൂർ വാടാനപ്പള്ളി സംസ്ഥാന പാത വികസനത്തിനായി പുതിയ പ്രൊപ്പോസൽ നടപ്പ സാമ്പത്തിക വർഷം (2018-19) പകുതിയോടെ സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാന പാതയുടെ വികസനത്തിനായി 2018-19 വർഷത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അർത്ഥന നൽകുകയും, ഇതു പ്രകാരം സ്പെഷ്യൽ തഹസിൽദാരെ (എൽ.എ) നിയമിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പടിഞ്ഞാറേക്കോട്ട മുതൽ എറവ് വരെയുള്ള റോഡ് പ്രവൃത്തികൾ പുരോഗമിച്ച വരുന്നു. ചുങ്കം മുതൽ എറവ് വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാഥമിക ചെലവിനത്തിൽ 2,59,69,680 രൂപ ആവശ്യമാണെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ